**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - പിന്നാക്ക വിഭാഗ വികസന വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ വകുപ്പ് സീനിയർ സൂപ്രണ്ട് -മാർക്ക് താൽക്കാലിക ചുമതല നൽകി ഉത്തരവാകുന്നു.

==========================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ)നം.113/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 26.10.2017.

==========================================================

പരാമർശം :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 20.09.2017 -ലെ BCDD-A1-1080/2016 (2) നമ്പർ കത്ത്.

30/10/17

**<u>ഉത്തരവ്</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പിന് ഡയറക്ടറേറ്റ്, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക് 3 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ ആണ് നിലവിലുള്ളത്. ഇതിൽ എറണാകുളം മേഖലാ ഓഫീസിൽ മാത്രമാണ് ഡെപ്യൂട്ടി ഡയറക്ടറുള്ളത്. എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി. യു. മുരളീധരൻ 30.09.2017 -ൽ സർവ്വീസിൽ നിന്നും അടിത്തുൺപ്പറ്റി പിരിയുകയാണെന്നും ടി സാഹചര്യത്തിൽ വകുപ്പിൽ നിലവിലുള്ള മൂന്ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലും ഒഴിവ് വരുന്ന സാഹചര്യമാണുള്ളതെന്നും ഇത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നും അതിനാൽ ടിയാൻ വിരമിക്കുന്ന മുറയ്ക്ക് വകുപ്പ് ഡയറക്ടറേറ്റ്, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ യഥാക്രമം സീനിയർ സൂപ്രണ്ടുമാരായ ശ്രീ. ജി. സിദ്ധാർത്ഥൻ, ശ്രീ. ഷിബു. ആർ, ശ്രീ. അനിൽ ജി. എന്നിവർക്ക് താൽക്കാലിക ചുമതല നൽകി ഉത്തരവാകണമെന്ന് പരാമർശ കത്ത് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ താൽക്കാലിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീ. ജി. സിദ്ധാർത്ഥനും, എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്റ്ററുടെ താൽക്കാലിക ചുമതല എറണാകുളം മേഖലാ സീനിയർ സൂപ്രണ്ട് ശ്രീ. ആർ. ഷിബുവിനും, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ താൽക്കാലിക ചുമതല കോഴിക്കോട് മേഖലാ സീനിയർ സൂപ്രണ്ട് ശ്രീ. അനിൽ ജി-യ്ക്കും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ശ്രീ. ജി.സിദ്ധാർത്ഥൻ, സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം

(.....2)

ശ്രീ. ആർ. ഷിബു , സീനിയർ സൂപ്രണ്ട്, എറണാകുളം മേഖലാ ഓഫീസ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്, എറണാകുളം

ശ്രീ. അനിൽ ജി, സീനിയർ സൂപ്രണ്ട്, കോഴിക്കോട് മേഖലാ ഓഫീസ്, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ